കാപെക്സിന് കിട്ടിയ കയറ്റുമതി ആനുകൂല്യങ്ങൾ താഴെ വിവരിക്കുന്നു:

വർഷം	ഡ്യൂട്ടി സ്ക്രിപ് തുക
2011-12	നേരിട്ടുള്ള കയറ്റുമതിയില്ല
2012-13	15.51 ലക്ഷം രൂപ
2013-14	143.33 രൂപ
2014-15	130.94 രൂപ

(ജി) ഭാഗികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. 29-10-2015 മുതൽ വെട്ടിക്കുറച്ച MEIS ആനുകൂല്യം 2% എന്നത് 3% ആക്കിയിട്ടുണ്ട്. മുമ്പ് 2% 'എ, 'ബി' കാറ്റഗറിയിലുള്ള രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്താൽ മാത്രമേ ലഭിക്കുമായിരുന്നുള്ളൂ. എന്നാൽ 29-10-2015 മുതൽ 3% വരെ എല്ലാ രാജ്യങ്ങളിലേയ്ക്കും കയറ്റുമതി ചെയ്താൽ ലഭിക്കും.

എമർജിംഗ് കേരള

249 (616) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എമർജിംഗ് കേരള നിക്ഷേപകസംഗമം വഴി പദ്ധതികൾ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ആയത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനുംവേണ്ടി 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിംഗ് കേരള സംഗമം കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രം 14 പദ്ധതി കളാണുള്ളത്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു.

(സി) എമർജിംഗ് കേരള സംഗമത്തിൽ വന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കും പദ്ധതി നിർദ്ദേശങ്ങൾക്ക് . സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനുവേണ്ടി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. . ഇതുകൂടാതെ, എമർജിംഗ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളെയും പദ്ധതികളെയും ഫലവത്താക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

ഖനനാനുമതിയുള്ള ക്വാറികൾ

250 (617) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര ക്വാറികൾ ഉണ്ടെന്നും ഇതിൽ എത്ര എണ്ണത്തിന് ഖനനാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) അനധികൃത ക്വാറികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ 37 കരിങ്കൽ ക്വാറികൾക്കും 331 ചെങ്കൽ ക്വാറികൾക്കും ഖനനാനുമതിയുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ അനധികൃത ചെങ്കൽ ഖനനത്തിന് 47 എണ്ണത്തിന് പിഴ അടപ്പിച്ചിട്ടുണ്ട്. ഇതിൽ 6 എണ്ണം നിർത്തി വെയ്ക്കുകയും 41 എണ്ണം തുടർന്ന് പെർമിറ്റ് സമ്പാദിച്ച് പ്രവർത്തിച്ച് വരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly